LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ റോഡുകളുടെ വികസനം

15 (612) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചാ ദുരിതാശ്വാസപദ്ധതിയിൽനിന്നും 2002-2003 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ റോഡുകളുടെ നവീകരണത്തിനുവേണ്ടി എത്ര തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുക അനുവദിച്ച തെന്നറിയിക്കാമോ ;

(സി) 2002-2003 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ ആകെ 548.80 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ജില്ലാ അടിസ്ഥാനത്തിലാണ് ഭരണാനുമതി നല്കുന്നത്.

കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായ റോഡുകളുടെ പുനരുദ്ധാരണം

16 (613) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ഏപ്രിൽ ഒന്നു മുതൽ മേയ് 31 വരെയുള്ള കാലയളവിൽ റവന്യൂ വകുപ്പിൽ നിന്ന്, കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായ റോഡുകളും മറ്റും പുനരുദ്ധരിക്കാനായി കണ്ണൂർ ജില്ലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് പണമനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ അനുവദിച്ച ഓരോ പ്രവൃത്തികളും, അവയ്ക്ക് നീക്കിവച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്